DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. കാർഷിക സംശയങ്ങൾക്ക് ഹെൽപ്പ് ഡസ്ക്

കരമന കൃഷി ഗവേഷണകേന്ദ്രം കർഷകരുടെ സംശയ ദൂരീകരണത്തിനായി ഹെൽപ്പ് ഡസ്ക് ഒരുക്കി. താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

സംയോജിതകൃഷി – ഡോ ജേക്കബ് ജോൺ – 9847022929

വീട്ടുവളപ്പിലെ കൃഷി –ഡോ ബി സുധ – 9846024539

പച്ചക്കറിയും രോഗനിയന്ത്രണവും – ഡോ സജീന എ – 9446104347

ജൈവമാലിന്യ സംസ്കരണം – ഡോ എ വി മീര – 9446466239

തേനീച്ച വളർത്തൽ – ഡോ ഷാനസ് എസ് – 9400262806

## 2. പ്രധാനമന്ത്രി ഫസൽ ബീമാ യോജന യുടെ അനായാസ ക്ലെയിം നടപടികൾ ഇനി പറയുന്ന

ചുഴലിക്കാറ്റ്, ചുഴലിക്കാറ്റ് മൂലമുള്ള കാലം തെറ്റിയ മഴ, ആലിപ്പഴ വർഷം, ഉരുൾപൊട്ടൽ മേഘവിസ്ഫോടനം, മിന്നൽ പ്രകൃതിയിൽനിന്നുള്ള അഗ്നിബാധ, വെള്ളക്കെട്ട് എന്നിവമൂലം നാശനഷ്ടം ഉണ്ടായാൽ 72 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്രോപ് ഇൻഷുറൻസ് ആപ്പ്, ഇൻഷുറൻസ് കമ്പനിയുടെ ടോൾഫ്രീ നമ്പർ, ബാങ്ക്, പ്രാഥമിക കൃഷിവായ്പ സമിതി, അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് ബ്ലോക്ക് /ജില്ലാ ഓഫീസർ തുടങ്ങിയ വഴി കർഷകർ വിളനാശവും നഷ്ടവും റിപ്പോർട്ട് ചെയ്യണം . ഇൻഷുർ ചെയ്ത വിളയുടെ സർവ്വേ നമ്പർ, ബാധിച്ച ഏരിയയും-നഷ്ടത്തിന് കൃത്യമായ കണക്ക്, സംഭവത്തിന്റെ തീയതി-സമയം വിളനഷ്ടം തെളിവ് ഇൻഷുറൻസ് ആപ്പ് വഴി ഫോട്ടോ സമർപ്പിക്കുക, കൃഷിയിടത്തിലെ വിലാസം, ഫോൺ, സേവിങ്സ് അക്കൗണ്ട് വിശദാംശങ്ങൾ എന്നിവയാണ് റിപ്പോർട്ട് ചെയ്യേണ്ടത്. കൃഷി സ്ഥലത്തിന്റെ രേഖകൾ അടക്കം ഉചിതമായി പൂരിപ്പിച്ച ക്ലെയിം ഫോം, ഇൻഷുറൻസ് രസീത്, വിളനഷ്ടം അല്ലെങ്കിൽ നാശത്തിന്റെ ഫോട്ടോ, നഷ്ടമുണ്ടായ സംഭവത്തിന്റെയും നഷ്ടത്തിന് ആധിക്യത്തെയും സൂചിപ്പിക്കുന്ന പ്രാദേശിക പത്രങ്ങളിൽ വാർത്ത കട്ടിങ്ങുകൾ എന്നിവ ആവശ്യമായ രേഖകൾ ആയി ഉപയോഗിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കിസാൻ കോൾ സെന്റർ 1800 –180 –1551.

## 3. വിള പരിപാലന നിർദ്ദേശങ്ങൾ

മഴക്കാലം ആരംഭിക്കുന്നതോടുകൂടി തെങ്ങിൽ കൂമ്പുചീയൽ രോഗം ബാധിക്കാൻ സാധ്യതയു്. മഴക്കാലത്തിന് മുമ്പായി തെങ്ങിന്റെ മ വൃത്തിയാക്കി 1% വീര്യമുള്ള ബോർഡോ മിശ്രിതം മുൻകരുതൽ എന്ന നിലയ്ക്ക് തളിക്കേ താണ്. തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് (4ഏ) — 20 ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ ഫിപ്രോനിൽ (0.3ഏ) — 20 ഗ്രാം, 200 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ) ഇത് ആവർത്തിക്കേതാണ്.

## 4. രക്താതിസാരം – മുയൽ കർഷകരറിയേണ്ടത്

കേരളത്തിലെ മുയലുകളിൽ കാണുന്ന ഒരു പ്രധാന രോഗമാണ് രക്താതിസാരം. ഐമീരയാ വിഭാഗത്തിൽപെട്ട ഒരു ഏകകോശജീവിയാണ് പലപ്പോഴും കൂട്ടത്തോടെയുള്ള മരണകരണമാകാറുണ്ട്. ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയുമാണ് രോഗാണു ശരീരത്തിലെത്തുന്നത് എന്നുള്ളതുകൊണ്ട് വൃത്തിയുള്ള പാരിപാലനവും വെള്ളവും അത്യാവശ്യമാണ്. കൂടാതെ കുഞ്ഞുങ്ങളെ അമ്മയിൽ നിന്നും പിരിക്കുമ്പോളും മറ്റുമുണ്ടാകുന്ന ക്ലേശവും രോഗമുണ്ടാക്കാറുണ്ട്. അതിനാൽ രോഗപ്രതിരോധത്തിനായി അമ്മയെ കൂട്ടിൽ നിന്നും മാറ്റുന്നതിനു മൂന്ന് ദിവസംമുമ്പുതന്നെ സൂപ്പർകോക്സ് മുതലായ മരുന്നുകൾ കുടിക്കുന്ന ജലത്തിൽ നൽകാവുന്നതാണ്. മുയലുകൾക്കു സ്വയം വെള്ളം സിപ് ചെയ്തു കുടിക്കാവുന്ന സംവിധാനം കൂട്ടകളിൽ ഉണ്ടാക്കുന്നത് നല്ലതാണ്. ഇതിനുപുറമെ മുയൽകൂട്ടുകൾ ബ്ളൗർ കൊണ്ടുവൃത്തിയാക്കുന്നതും രോഗംവരാതിരിക്കുവാൻവളരെഫലപ്രദമാണ് .